# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 25, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |
| പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

## സപ്തധാരാ പദ്ധതിയിലെ ടൂറിസം വികസനപരിപാടികൾ

*811 ഡോ. കെ. ടി. ജലീൽ
ശ്രീ. എം. ചന്ദ്രൻ
,, കെ. കെ. നാരായണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്തധാരാ പദ്ധതിയിൽ ടൂറിസം വികസനത്തിനായി എന്തൊക്കെ പരിപാടികളാണ് പ്രഖ്യാപിച്ചിരുന്നത് ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത പരിപാടികളൊക്കെ പൂർത്തിയാക്കിയോ ; ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) സപ്തധാരാ പദ്ധതിക്കും ബഡ്ജറ്റിൽ വിഭാവനം ചെയ്ത പദ്ധതിക്കും 2011-12 ലും 2012-13 ലും നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും എത്രയെന്നറിയിക്കാമോ ;

(ഡി) ബഡ്ജറ്റിൽ വിഭാവനം ചെയ്യാതിരുന്ന ഏതെല്ലാം പദ്ധതികളാണ് സപ്തധാരാ പദ്ധതിയുടെ ഭാഗമായി നടപ്പിൽ വരുത്തിയതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>പ്രാദേശിക കുടിവെള്ള വിതരണത്തിന് കമ്പനി</u>

*812 ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ
,, ഇ. പി. ജയരാജൻ
,, എസ്. രാജേന്ദ്രൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്തധാര പദ്ധതിയുടെ ഭാഗമായി പ്രാദേശിക കുടിവെള്ള വിതരണത്തിന് കമ്പനി തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; ഇതിനായി 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റിൽ എന്ത് തുക വീതം നീക്കിവെച്ചിരുന്നു; ഇതുവരെ എന്ത് തുക ചെലവഴിച്ചു; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്പനി സർക്കാർ മേഖലയിൽ സ്ഥാപിക്കാനാണോ ഉദ്ദേശിച്ചിരിക്കുന്നത്; ഇവയുടെ പ്രവർത്തനലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) കമ്പനിയുടെ സാമ്പത്തിക സ്രോതസ്സ് വ്യക്തമാക്കാമോ; സൗജന്യ നിരക്കിലോ സബ്സിഡി നിരക്കിലോ കുടിവെള്ളം വിതരണം ചെയ്യാൻ ഈ കമ്പനി തയ്യാറാകുമോ;

(ഡി) വാട്ടർ അതോറിറ്റിയും ഈ കമ്പനിയും തമ്മിലുള്ള ബന്ധം എന്തായിരിക്കും; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>രാത്രികാലങ്ങളിലെ പോസ്റ്റുമാർട്ടം</u>

*813 ശ്രീ. ലൂഡി ലൂയിസ്
,, വി. ഡി. സതീശൻ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോസ്റ്റുമാർട്ടം നടത്തുന്നത് ഏതെല്ലാം സമയങ്ങളിലാണ്;

(ബി) ഏതെല്ലാം ആശുപത്രികളിലാണ് ഇത് നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) രാത്രി കാലങ്ങളിലും പോസ്റ്റുമാർട്ടം നടത്തുന്നതിനുള്ള നിയമസാധുത പരിശോധിച്ച് ഇതിനുവേണ്ട സൗകര്യമൊരുക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ</u>

*814 ശ്രീ. കെ. അജിത്
,, സി ദിവാകരൻ
,, വി. ശശി
,, പി തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാതല ആശുപത്രികളിൽ സ്പെഷ്യലിസ്റ്റുകളായ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള എത്ര ഡോക്ടർമാർ ഓരോ ജില്ലയിലും സേവനം അനുഷ്ഠിക്കുന്നുണ്ട് ;

(ബി) ഓരോ ജില്ലയിലും കുറവുള്ള സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുടെ എണ്ണം എത്ര ; ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ; ഈ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു ;. വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് മൊത്തം ഡോക്ടർമാരുടേയും നഴ്സുമാരുടേയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകളുടേയും എത്ര തസ്തികകൾ വീതം ഒഴിഞ്ഞു കിടപ്പുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.07.2012–ലെ മറുപടിക്ക്

<u>കുടിവെള്ള സ്രോതസ്സുകളിൽ തടയണ നിർമ്മാണം</u>

*815 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനുവേണ്ടി എല്ലാ കുടിവെള്ള സ്രോതസ്സുകളുമായി ബന്ധപ്പെടുത്തി തടയണകൾ നിർമ്മിക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

ചികിത്സയ്ക്കും പരിശോധനകൾക്കും സ്റ്റാൻഡേർഡ് നിരക്കുകൾ

*816 ശ്രീ. കെ. എം. ഷാജി
,, റ്റി. എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടാൻ നിർബന്ധിതരാകുന്ന പാവപ്പെട്ട രോഗികളെ ചൂഷണം ചെയ്യുന്നതു തടയാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ചികിത്സയ്ക്കും, പരിശോധനകൾക്കും സ്റ്റാൻ ഡേർഡ് നിരക്കുകൾ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ആശുപത്രികളുടെ ഗ്രേഡ് നിശ്ചയിച്ച് പരമാവധി ചികിത്സാനിരക്കുകൾ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

**ക്ഷേത്രം വക ഭൂമി അന്യാധീനപ്പെടുത്തുന്നത് തടയാൻ നടപടികൾ**

*817 ശ്രീ. വി. ചെന്താമരാക്ഷൻ
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്തധാരാ പദ്ധതിയിൽ ക്ഷേത്രം വക ഭൂമി അന്യാധീനപ്പെടുത്തുന്നത് തടയാൻ എന്തൊക്കെ പരിപാടികളാണ് പ്രഖ്യാപിച്ചിരുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നടപടികളിലൂടെ അന്യാധീനപ്പെട്ട എത്ര ഏക്കർ ഭൂമി തിരികെ പിടിച്ചു;

(സി) ഇനി എത്ര ഏക്കർ ഭൂമി തിരികെ പിടിക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വൻകിട കയ്യേറ്റക്കാർ ആരൊക്കെയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഭൂമി സമയബന്ധിതമായി തിരികെ പിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

പാരമ്പര്യ ചികിത്സാരീതി

*818 ശ്രീ. എൻ. ഷംസുദ്ദീൻ
,, എൻ. എ നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യചികിത്സാരംഗത്തെ പാരമ്പര്യ അറിവുകൾ ക്രോഡീകരിക്കുന്നതിനും അവയുടെ പ്രയോഗക്ഷമത ഉറപ്പുവരുത്തി മനുഷ്യസമൂഹത്തിന് ഉപയോഗപ്രദമാക്കാനും എന്തൊക്കെ നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പാരമ്പര്യ ചികിത്സകർ ഉപയോഗിക്കുന്ന ഒറ്റമൂലികളുടെ പ്രയോഗക്ഷമത ഉറപ്പാക്കാനുള്ള എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പാരമ്പര്യ ചികിത്സകർ അവരുടെ ചികിത്സാ രീതികൾ വെളിപ്പെടുത്താതിരിക്കുന്നതുമൂലം ക്ഷമതയുള്ള നിരവധി ചികിത്സാപ്രയോഗങ്ങൾ അന്യം നിന്നുപോയിട്ടുള്ളതു കണക്കിലെടുത്ത് അവയെ കണ്ടെത്തി മനുഷ്യസമൂഹത്തിന് പ്രയോജനപ്പെടുത്താൻ തക്കം വിധം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ലേബർ കോടതികൾ</u>

*819 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലേബർ കോടതികൾ ഏതെല്ലാം മേഖലകളിലെ തൊഴിലാളികളുടെ കേസുകളാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്താകെ എത്ര ലേബർ കോടതികളാണ് പ്രവർത്തിച്ചുവരുന്നത്;

(സി) ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി ക്രമങ്ങൾ ലളിതമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന

*820 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിപ്രാചീനമായ ആയുർവേദ ചികിത്സാ രീതിക്ക് പ്രാമുഖ്യം നേടിയെടുക്കുന്നതിനും, ഔഷധക്കൂട്ടുകളുടെ പ്രയോഗക്ഷമത ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ച് എന്തൊക്കെ ഗവേഷണ പ്രവർത്തങ്ങൾ ഇപ്പോൾ നടന്നു വരുന്നുണ്ട് ; വിശദമാക്കുമോ ;

(ബി) ആയുർവേദത്തിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ തടയുന്നതിന് മാർക്കറ്റ് ചെയ്യപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കും സർട്ടിഫിക്കേഷനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ;

(സി) ഗുണനിലവാര പരിശോധന നടത്തി, മതിയായ സർട്ടിഫിക്കറ്റുകളില്ലാതെ മരുന്നുകൾ വില്പന നടത്തുന്നത് അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

ഗ്യാബിയോൺ കടൽഭിത്തി നിർമ്മാണ രീതി

*821 ശ്രീ. പി.കെ.ഗുരുദാസൻ
,, എളമരം കരീം
,, ബി. സത്യൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കടലാക്രമണ ഭീഷണി നേരിടുന്ന ഏതെങ്കിലും സ്ഥലങ്ങളിൽ പുതുതായി കടൽ ഭിത്തികെട്ടുന്നതിനോ, നിലവിലുളള കടൽ ഭിത്തിയുടെ അറ്റകുറ്റപണികൾ നടത്തുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് നിർമ്മിച്ച ഗ്യാബിയോൺ കടൽഭിത്തി നിർമ്മാണരീതിയുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഭിത്തി നിർമ്മിച്ചതിനു ശേഷമുണ്ടായ വർഷകാലം കഴിഞ്ഞുളള റിപ്പോർട്ടുകൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്</u>

*822 ശ്രീ. വി.ഡി. സതീശൻ
,, കെ. അച്ചുതൻ
,, ഐ.സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ക്ലിനിക്കൽ ട്രയൽ നടത്താത്ത മരുന്നുകളുടെ വില്പന</u>

*823 ശ്രീ. എളമരം കരീം
,, വി. ശിവൻകുട്ടി
,, കെ. വി. അബ്ദുൾ ഖാദർ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ ട്രയൽ നടത്താത്ത മരുന്നുകൾ ഇന്ത്യയിലെ മാർക്കറ്റിൽ വില്ക്കുന്നുണ്ടെന്ന് പാർലമെന്ററി സമിതി കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം മരുന്നുകൾ കേരള വിപണിയിൽ വില്ക്കുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം മരുന്നുകൾ കേരള വിപണിയിൽ ഇറക്കിയ എത്ര കമ്പനികൾക്കും ഷോപ്പുകൾക്കുമെതിരെ ഡ്രഗ്സ് കൺട്രോളർ നടപടി സ്വീകരിക്കുകയുണ്ടായി; ഇതിന്റെ പേരിൽ എത്ര ലൈസൻസ് റദ്ദ് ചെയ്യുകയുണ്ടായി; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ
പുതിയ കുടിവെള്ള പദ്ധതി

*824 ശ്രീ. വി.പി. സജീന്ദ്രൻ
,, വർക്കല കഹാർ
, തേറമ്പിൽ രാമകൃഷ്ണൻ
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ ജപ്പാൻ സർക്കാരുമായി സഹകരിച്ച് പുതിയ കുടിവെള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ എസ്റ്റിമേറ്റ് എത്ര കോടി രൂപയാണ്;

(ഡി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകളും സർവ്വീസ് സെന്ററുകളും</u>

*825 ശ്രീ. സി. മോയിൻകുട്ടി
,, പി. കെ. ബഷീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ, സർവ്വീസ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ഇവ എവിടെയൊക്കെ പ്രവർത്തിക്കുന്നു; ഇവയുടെ നാളിതുവരെയുള്ള പ്രവർത്തന നേട്ടം വിശദമാക്കുമോ;

(സി) രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ എന്നിവർക്കുള്ള സ്വയം തൊഴിൽ പദ്ധതി പ്രസ്തുത സർവ്വീസ് സെന്ററുകൾ മുഖേനയാണോ നടപ്പാക്കുന്നത്; എങ്കിൽ അതു സംബന്ധമായ വിശദ വിവരം നൽകാമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

മൾട്ടി ലെവൽ മാർക്കറ്റിംഗ് തൊഴിലാളികളുടെ ക്ഷേമം

*826 ശ്രീ. വി. റ്റി. ബൽറാം
,, അൻവർ സാദത്ത്
,, എം. പി. വിൻസെന്റ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്തെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മണി ചെയിൻ തട്ടിപ്പിനെക്കുറിച്ചുള്ള അന്വേഷണത്തിൽ ഈ വിഭാഗം തൊഴിലാളികൾ പീഡിപ്പിക്കപ്പെടുന്നത് തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

കെ. ടി. ഡി. സി. യെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിന് നടപടി

*827 ശ്രീ. പി. റ്റി.എ. റഹീം
,, വി. ചെന്താമരാക്ഷൻ
,, റ്റി. വി. രാജേഷ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. ടി. ഡി. സി. സ്ഥാപനങ്ങളെ ലോകോത്തര സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ബി) കെ. ടി. ഡി. സി. യുടെ ഏതെല്ലാം സ്ഥാപനങ്ങളിൽ അതിന് തുടക്കം കുറിച്ചിട്ടുണ്ടെന്നും അതിനായി ഈ വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(സി) ലോകോത്തരമാകുന്നതിന് കെ. ടി. ഡി.സി.യുടെ ഓരോ സ്ഥാപനവും ഏത് നിലവാരത്തിലേയ്ക്ക് ഉയരണമെന്നാണ് കണക്കാക്കപ്പെട്ടിട്ടുളളത്; വിശദമാക്കാമോ;

(ഡി) അതിനായി ബോർഡ് അനുമതിയോടെ രൂപം കൊടുത്ത പദ്ധതികളുടെ വിശദാംശങ്ങളും ആയതിലേയ്ക്ക് ഈ വർഷം ചെലവാക്കാനുദ്ദേശിക്കുന്ന തുകയുടേയും അവ എങ്ങിനെയാണ് കണ്ടെത്തുവാനുദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ;

(ഇ) 2011-12 ലെ ബഡ്ജറ്റിൽ വകയിരുത്തിയ 5 കോടി രൂപയിൽ കെ. ടി. ഡി. സി. എത്ര ചെലവഴിച്ചു ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>വ്യവസായബന്ധ സമിതി</u>

*828 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, പി.കെ. ഗുരുദാസന്‍
,, സാജു പോള്‍
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായബന്ധ സമിതിയുടെ പ്രവര്‍ത്തന രീതി വ്യക്തമാക്കുമോ; സമിതിയുടെ തീരുമാനം പാലിക്കപ്പെടാന്‍ നിയമപരമായി ബാദ്ധ്യതയുണ്ടോ;

(ബി) ഏതെങ്കിലുമൊരു കമ്മിറ്റിയുടെ റിപ്പോര്‍ട്ട് വ്യവസായ ബന്ധ സമിതിക്ക് ഉപരി പരിശോധന നടത്താന്‍ അധികാരമുണ്ടോ;

(സി) ബലരാമന്‍ കമ്മിറ്റി റിപ്പോര്‍ട്ടിന്മേല്‍ വ്യവസായബന്ധ സമിതിതീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിലെ പദ്ധതികൾ</u>

*829 ശ്രീ. എസ്. ശർമ്മ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എസ്. സ്വാമിനാഥൻ റിസർച്ച് അഡ്മിനിസ്ട്രേഷന്റെ നിർദ്ദേശപ്രകാരമുള്ള കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് ഏതൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) മുൻവർഷം നീക്കിവച്ചിരുന്ന 200 കോടി രൂപയിൽ ഒരു ശതമാനം (2.19 കോടി രൂപ) മാത്രം ചെലവഴിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>വയോജന ക്ലിനിക്കുകൾ</u>

*830 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. ശശി
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വയോജന ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായുള്ള ദേശീയ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) വയോജനങ്ങളെ വീടുകളിൽ എത്തി പരിചരിക്കുന്നതിനുള്ള ഹോം നഴ്സിംഗ് സമ്പ്രദായവും, സാന്ത്വന പരിചരണവും ഈ പദ്ധതിയിലുണ്ടോ;

(ഡി) ഈ വർഷം എത്ര ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നുണ്ട്; ഇതിനായി എത്ര സമയം വേണ്ടി വരുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>വിജ്ഞാന്‍ ഭാരതി പദ്ധതി</u>

*831 ശ്രീ. വര്‍ക്കല കഹാര്‍
,, കെ.ശിവദാസന്‍ നായര്‍
,, ലൂഡി ലൂയിസ്
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'വിജ്ഞാന്‍ ഭാരതി' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം ; വിശദമാക്കുമോ;

(ബി) എവിടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(സി) പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ടവരുടെ വിദ്യാഭ്യാസ സൗകര്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുളളത് ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോര്‍ട്ട് തയ്യാറാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 25.07.2012–ലെ മറുപടിക്ക്

<u>സ്ത്രീതൊഴിലാളികൾക്കുള്ള സൗകര്യങ്ങളുടെ അപര്യാപ്തത</u>

*832 ശ്രീ. ജി. എസ്. ജയലാൽ
ശ്രീമതി ഇ. എസ്. ബിജിമോൾ
,, ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീത്തൊഴിലാളികൾ ജോലി ചെയ്യുന്ന വിവിധ തൊഴിലിടങ്ങളിലെ സൗകര്യങ്ങളുമായി ബന്ധപ്പെട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൂപ്പർ മാർക്കറ്റുകൾ, വസ്ത്രവ്യാപാര സ്ഥാപനങ്ങൾ, ഫാൻസി സ്റ്റോറുകൾ, സ്വകാര്യ ലബോറട്ടറികൾ, ഹോട്ടലുകൾ, പെട്രോൾ പമ്പുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ എത്ര സ്ത്രീ തൊഴിലാളികൾ ഇപ്പോൾ ജോലി ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്;

(സി) അസംഘടിത മേഖലയിലെ ഇത്തരം തൊഴിലാളികളുടെ തൊഴിലിടങ്ങളിലെ പ്രാഥമിക സൗകര്യങ്ങൾ അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് എതിരായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജുകളിലേയ്ക്ക് രോഗികളെ റഫർ ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ</u>

*833 ശ്രീ. ആർ സെൽവരാജ്
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റ് ആശുപത്രികളിൽ നിന്നും മെഡിക്കൽ കോളേജുകളിലേയ്ക്ക് രോഗികളെ റഫർ ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ മാർഗ്ഗരേഖയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) റഫറൽ സംവിധാനം നിരീക്ഷിക്കാൻ ജില്ലാ സംസ്ഥാന തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അന്യാധീനപ്പെട്ട ഭൂമി</u>

*834 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരികെ പിടിക്കാനുള്ള മുൻ സർക്കാർ തീരുമാനം അട്ടിമറിക്കപ്പെട്ടതായി വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി തയ്യാറാക്കിയ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) ഭൂമി തിരിച്ചുപിടിക്കാനായി പ്രത്യേക റവന്യൂ സംഘങ്ങളെ നിയമിക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

വ്യാജ മരുന്നുകളുടെ വിവരം അറിയിക്കുന്നവർക്ക് പാരിതോഷികം

*835 ശ്രീ. കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജ മരുന്നുകളെക്കുറിച്ച് വിവരം അറിയിക്കുന്നവർക്ക് പാരിതോഷികം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) പ്രസ്തുത വിവരങ്ങൾ അറിയിക്കുന്നവരുടെ പേരുവിവരം രഹസ്യമായി വയ്ക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ദേശീയ രോഗ നിയന്ത്രണ പദ്ധതി</u>

*836 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ നിന്നുള്ള രോഗാണു സംക്രമണം തടയുന്നതിന് ദേശീയ രോഗ നിയന്ത്രണ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയിലൂടെ എന്തെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം നിലവാരത്തിലുള്ള ആശുപത്രികളിലാണ് ഈ പദ്ധതി ഏർപ്പെടുത്തുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>കില നടത്തിയ പട്ടികജാതി സർവ്വേ</u>

*837 ശ്രീ. കെ. വി. വിജയദാസ്
,, ബി. ഡി. ദേവസ്സി
,, കെ. ദാസൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കില നടത്തിയ പട്ടികജാതി സർവ്വേ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പട്ടികജാതിക്കാർ സർവ്വമേഖലയിലും പിന്നിലായിരിക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2011-12-ൽ ഗ്രാന്റ് ഇൻ എയിഡ് ആയി നീക്കിവച്ചിരുന്ന തുകയുടെ 41 ശതമാനത്തിലധികം (315 കോടി രൂപ) നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012–ലെ മറുപടിക്ക്

<u>പുതിയ ആരോഗ്യ പ്രശ്നങ്ങൾ</u>

*838 ശ്രീ. പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് ഓരോ വർഷവും പുതിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതി നേരിടാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി ജനങ്ങളുടെ ആരോഗ്യ സ്ഥിതിയെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>പരമ്പരാഗത മേഖല തൊഴിലാളി ധനസഹായ പദ്ധതി</u>

*839 ശ്രീ. എം. എ. വാഹീദ്
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് ധനസഹായ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>അഡ്വഞ്ചർ ടൂറിസം</u>

*840 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി ടൂറിസം മേഖലയിൽ ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട് ; വിശദാംശം നല്കുമോ ;

(സി) അഡ്വഞ്ചർ ടൂറിസം മേഖലയുടെ വികസനത്തിന് നടപ്പു സാമ്പത്തിക വർഷം എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് . വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ അഞ്ചു വർഷം ഈ ഇനത്തിൽ നീക്കിവച്ച തുക എത്ര വീതമാണ് ; വിശദാംശം നല്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂലൈ 16.